**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **27-06-2022 - ൽ മറുപടിയ്ക്ക്**

**സർവീസ് ചട്ടം ലംഘിച്ച് പുസ്തകരചന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർവീസ് ചട്ടം ലംഘിച്ച് പുസ്തകം എഴുതിയതിന് വിജിലൻസ് മുൻ ഡയറക്ടർ ജേക്കബ് തോമസിനെതിരെ ക്രിമിനൽ കേസും വകുപ്പുതല നടപടികളും സർക്കാർ സ്വീകരിച്ചിരുന്നോ; ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സ്വീകരിച്ചിരുന്നു.<br><br>1966-ലെ Police Forces (Restrictions of Right) Act-ലെ Section 3-ന്റെ ലംഘനം നടന്നതായി കണ്ടതിനാൽ, ടി നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള ക്രിമിനൽ നടപടിയും, 1968-ലെ All India Service (Conduct) Rules ന് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് കണ്ടതിനാൽ 1969-ലെ All India Service (Discipline & Appeal) Rules-ലെ Rule 8 പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയുമാണ് മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് IPSനെതിരെ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഏതൊക്കെ ചട്ടങ്ങളുടെയും വകുപ്പുകളുടെയും അടിസ്ഥാനത്തിലാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൻ പ്രകാരം എന്തൊക്കെ കുറ്റങ്ങളാണ് മുൻ വിജിലൻസ് ഡയറക്ടർ ചെയ്തതായി കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | സ്വീകരിച്ചിരുന്നു.<br><br>1966-ലെ Police Forces (Restrictions of Right) Act-ലെ Section 3-ന്റെ ലംഘനം നടന്നതായി കണ്ടതിനാൽ, ടി നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള ക്രിമിനൽ നടപടിയും, 1968-ലെ All India Service (Conduct) Rules ന് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് കണ്ടതിനാൽ 1969-ലെ All India Service (Discipline & Appeal) Rules-ലെ Rule 8 പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയുമാണ് മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് IPSനെതിരെ ആരംഭിച്ചിട്ടുള്ളത്. |
| (സി) | സമാന സ്വഭാവമുള്ള മറ്റൊരു രചനയായ അശ്വത്ഥാമാവ് വെറും ഒരു ആന-യുടെ രചയിതാവും നിലവിലെ കായിക യുവജനക്ഷേമ സെക്രട്ടറിയുമായ എം. ശിവശങ്കറിനെതിരെ സർക്കാർ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പുസ്തക രചനയുമായി ബന്ധപ്പെട്ട് എം. ശിവശങ്കർ ഏതെങ്കിലും തരത്തിലുള്ള മുൻകൂർ അനുമതി സർക്കാരിൽ നിന്നും | (ഡി) | പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് എം. ശിവശങ്കർ സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടിയിരുന്നില്ല. All India Service (Conduct) Rules ന്റെ ലംഘനം |

| | | | |
|---|---|---|---|
| | നേടിയിരുന്നോ; ഇല്ലെങ്കിൽ ടിയാൾക്കെതിരായി നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | | ഉണ്ടായിട്ടുണ്ടെങ്കിൽ, പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>രണ്ട് ഉദ്യോഗസ്ഥരുടെ കാര്യ ത്തിലും 1968-ലെ All India Service (Conduct) Rules ലെ വ്യവസ്ഥകളാണ് ബാധകം. |
| (ഇ) | ജേക്കബ് തോമസിനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് അടിസ്ഥാനമാക്കിയിരുന്ന ചട്ടങ്ങൾ എം. ശിവശങ്കറിന്റെ കാര്യത്തിൽ ബാധകമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ രണ്ട കേസുകളും കൈകാര്യം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള വൈരുദ്ധ്യം ഇല്ലാതാക്കുന്നതിന് സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | സ്വീകരിച്ചിരുന്നു.<br><br>1966-ലെ Police Forces (Restrictions of Right) Act-ലെ Section 3-ന്റെ ലംഘനം നടന്നതായി കണ്ടതിനാൽ, ടി നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള ക്രിമിനൽ നടപടിയും, 1968-ലെ All India Service (Conduct) Rules ന് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് കണ്ടതിനാൽ 1969-ലെ All India Service (Discipline & Appeal) Rules-ലെ Rule 8 പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയുമാണ് മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് IPSനെതിരെ ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ